**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **01-02-2023 - ൽ മറുപടിയ്ക്ക്**

**മായം കലർത്തുന്നത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ബ്രാൻഡുകളിലായി വില്പനയ്ക്കെത്തുന്ന ഭക്ഷ്യവസ്തുക്കൾ, കറിപൗഡറുകൾ എന്നിവയിൽ മായം, വിഷപദാർത്ഥങ്ങൾ എന്നിവ കലർത്തുന്നതിനെതിരെ കൂടുതൽ ശക്തമായ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ എന്നറിയിക്കുമോ; | (എ) | പ്രസ്തുത നിയമം സംബന്ധിച്ച് നിയമനിർമ്മാണം നടത്തേണ്ടത് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയാണ്. |
| (ബി) | ഇത്തരം സംഭവങ്ങളിൽ കർശനമായ അന്വേഷണം നടത്തി ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യസുരക്ഷ വിഭാഗത്തിന് കൂടുതൽ ഓഫീസുകൾ അനുവദിക്കുന്നതിനും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിനെ ശാക്തീകരിയ്ക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിയ്ക്കുന്നതിനുമായി കൂടുതൽ ഓഫീസുകളും ഉദ്യോഗസ്ഥരെയും അനുവദിയ്ക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ